**A** **5001**

# പാദവാർഷിക മൂല്യനിർണയം 2017–18

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

സ്റ്റാൻഡേർഡ് - V | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
3. കലാപഠനത്തിലെ ചിത്രം, സംഗീതം, നൃത്തം, നാടകം എന്നീ നാല് മേഖലകളിൽ നിന്ന് അഞ്ച് സ്കോർ വീതമുള്ള ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾ തെരഞ്ഞെടുത്ത് ഉത്തരമെഴുതേണ്ടതാണ്.
4. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
5. മൂന്ന് വിഭാഗങ്ങൾക്കായി ആകെ രണ്ടു മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും നാൽപതു മിനുട്ട് വീതം സമയമാണ് ലഭിക്കുന്നത്.

**വിഭാഗം 1 - കലാപഠനം**

**മേഖല - ചിത്രകല**

1. നമ്മുടെ ചുറ്റുമായി വിവിധ ആകൃതിയിലുള്ള ഇലകൾ ധാരാളമുണ്ടല്ലോ?

   ഇവയിൽ ചില ഇലകൾ നിങ്ങൾക്ക് വല്ലാതെ ഇഷ്ടപ്പെടും. ഇഷ്ടപ്പെട്ടതിൽ നിന്ന് ഒരു ഇല തെരഞ്ഞെടുത്തു വരക്കൂ. പേനകൊണ്ടും വരക്കാം.

   വരക്കുമ്പോൾ ഇലയുടെ ആകൃതി വരാൻ ശ്രമിക്കുമല്ലോ. വരച്ച ഇലയെക്കുറിച്ച് എഴുതുകയും ചെയ്യണേ.

2. പൂമ്പാറ്റയെ കാണാത്തവരും ഇഷ്ടപ്പെടാത്തവരും ആരും ഉണ്ടാവില്ലല്ലോ.

   നിങ്ങൾക്കിഷ്ടമുള്ള ഒരു പൂമ്പാറ്റയേയും പുഴുവിനേയും വരക്കൂ.

3. അപ്പുവും നീലിയും കൂടി അടുത്തുള്ള മൃഗശാല കാണാൻ പോയതാണ്. ഉള്ളിലേക്ക് കടന്നതും കണ്ട കാഴ്ച അവരെ അത്ഭുതപ്പെടുത്തി. മൃഗശാലയിലുള്ള മൃഗങ്ങൾ ,പക്ഷികൾ, മരങ്ങൾ, മനുഷ്യർ എല്ലാവരുടെയും നിറങ്ങൾ മാറിയിരിക്കുന്നു. ആദ്യത്തെ കൂട്ടിൽ നീലനിറത്തിലുള്ള ഒരു കുറുക്കനും ചുവപ്പു നിറത്തിലുള്ള ഒരു കുറുക്കനും കിടന്നു കുത്തിമറിഞ്ഞ് കളിക്കുന്നു. ശരീരത്തിനു പച്ച നിറവും ചുവപ്പ് ഉ ടുപ്പുമിട്ട ഒരു കുട്ടി അതു നോക്കി നിന്നു രസിക്കുന്നു. ഹോ... എന്ത് രസമാണ് ഈ നിറം മാറ്റം.

   അപ്പുവും നീലിയും കണ്ട അടുത്ത രണ്ടു കാഴ്ചകളെപ്പറ്റിയും നിറമാറ്റത്തെപ്പറ്റിയും എഴുതു.


   (മനുഷ്യനും മൃഗങ്ങൾക്കും ജീവികൾക്കുമുള്ള യഥാർഥ നിറത്തെപ്പറ്റിയെഴുതരുതേ. നിങ്ങൾക്ക ഷ്ടമുള്ള നിറങ്ങൾ അവക്ക് മാറ്റിനൽകിയാണ് എഴുതേണ്ടത്)

**മേഖല - സംഗീതം**

1. ഈ ചിത്രം നോക്കൂ......

a) വള്ളം കളിയുടെ ചിത്രം കണ്ടുവല്ലോ?

പാട്ട് പാടിക്കൊണ്ടാണ് ഇവർ വഞ്ചി തുഴയുന്നത്. വഞ്ചിപ്പാട്ടുകളോട് ചേർത്തുപാടുന്ന നിങ്ങൾക്കറിയാവുന്ന വായ്ത്താരികൾ എഴുതുക.



b) നിങ്ങൾക്കു പരിചിതമായ ഏതെങ്കിലും ഒരു വഞ്ചിപ്പാട്ടിന്റെ നാലു വരികൾ എഴുതുക?

2.

a) ഓമനേ നീയുറങ്ങെൻ മിഴിവണ്ടിണ-
ത്തൂമലർത്തേൻ കുഴമ്പെന്റെ തങ്കം -
നിങ്ങളുടെ മലയാളപാഠപുസ്തകത്തിൽ സംഘമായി പാടി അവതരിപ്പിക്കാൻ തന്നിട്ടുള്ള വരികളാണിത്. ഈ പാട്ടിനനുയോജ്യമായിട്ടുള്ള വായ്ത്താരികൾ എഴുതുക.

b) നിങ്ങൾക്കു പരിചിതമായ താരാട്ട് പാട്ടിന്റെ നാലു വരികൾ എഴുതുക. സിനിമാഗാനങ്ങളായ താരാട്ടു പാട്ടുകൾ ആയാലും മതി.

3. താഴെക്കൊടുത്തിരിക്കുന്ന പരിചിതമായ ഗാനങ്ങളെ അവയുടെ പ്രത്യേകത അനുസരിച്ച് തരം തിരിച്ചെഴുതുക.

വന്ദേമാതരം..........., മിന്നാമിനുങ്ങേ....,
ഓമനതിങ്കൾ കിടാവോ....., നിന്നെകാണാനെന്നെക്കാളും...........
പോരാപോരാ നാളിൽ നാളിൽ....., സംകൃതപമഗരി......,
മണവാട്ടി മണിത്തട്ടമണിഞ്ഞ്......, വന്നുദിച്ചേ നിന്നുദിച്ചേ..............

| (1) സിനിമാഗാനങ്ങൾ | (2) മാപ്പിളപ്പാട്ട് | (3) ദേശഭക്തിഗാനങ്ങൾ | (4) താരാട്ട് പാട്ടുകൾ | (5) നാടൻപാട്ടുകൾ. |
|---|---|---|---|---|
| | | | | |

## മേഖല -നൃത്തം

സ്കൂളിൽ യുവജനോത്സവം നടക്കുകയാണ്. നാലു വേദികളിലായാണ് മത്സരങ്ങൾ അരങ്ങേറുന്നത്. ഏതു വേദിയിലേക്കു പോകണം.? നീലിമ ആലോചിച്ചു. അപ്പോഴാണ് കൈകൊട്ടുന്ന ശബ്ദവും മാധുര്യമൂറുന്ന പാട്ടും അവൾ കേട്ടത്. നീലിമ ആ വേദിയിലേക്ക് ഓടി. . . . .

വീരവിരാട കുമാര വിഭോ
ചാരുതരഗുണ സാഗരഭോ
മാരലാവണ്യാ. . നാരി മനോഹാരിതാരുണ്യാ. . .
ജയജയഭൂരി കാരുണ്യാ.. . .
വന്നീടുക . . . . . . . .

നീലിമ കണ്ട നൃത്തരൂപത്തിന്റെ ചിത്രം താഴെകൊടുത്തിരിക്കുന്നു.



1 (a) നൃത്തരൂപം തിരിച്ചറിഞ്ഞ് പേര് എഴുതുക.
(b) ഈ നൃത്തരൂപത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

2 **ഉചിതമായവ ചേർത്തെഴുതു**

| | |
|---|---|
| a) കത്തിവേഷം | ഭരതനാട്യം |
| b) ചട്ടയും മുണ്ടും | തിരുവാതിരകളി |
| c) കാച്ചിയും തട്ടവും | മാർഗ്ഗംകളി |
| d) മുണ്ടും നേരിയതും | ഒപ്പന |
| e) സൂര്യനും ചന്ദ്രനും | കഥകളി |

3 താഴെകൊടുത്തിരിക്കുന്ന നൃത്തരൂപങ്ങൾ തിരിച്ചറിഞ്ഞ് പേര് എഴുതുക.



(a)




(b)



(c)



(d)



(e)

1. 'ആട്ടിടയനും പുലിയും' എന്ന കഥയിലെ അഞ്ചു സന്ദർഭങ്ങൾ ആണ് ചുവടെ കൊടുത്തിരിക്കുന്നത്. ഈ സന്ദർഭങ്ങളെ ക്രമപ്പെടുത്തി എഴുതുക.

കൃഷിക്കാർ ഓടിവന്ന് "എവിടെപുലി" എന്ന് ചോദിച്ചപ്പോൾ രാമു "പറ്റിച്ചേ" എന്നു പറഞ്ഞ് കളിയാക്കി

കുന്നിൻ മുകളിൽ ആട് മേയ്ച്ചുകൊണ്ടിരുന്ന രാമു താഴെ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ആളുകളെ പറ്റിക്കാൻ വേണ്ടി "പുലി വരുന്നേ" എന്ന് വിളിച്ചുപറഞ്ഞു.

ഒരു ദിവസം, യഥാർഥ പുലി വന്നപ്പോൾ രാമു കരഞ്ഞു വിളിച്ചെങ്കിലും ആരും സഹായിക്കാൻ വന്നില്ല.

ആടുകളെ കൊന്നതിനു ശേഷം പുലി സ്ഥലം വിട്ടു. രാമു കരഞ്ഞുകൊണ്ട് വീട്ടിലേക്കു പോയി

പതിവായി ആളുകളെ പറ്റിക്കാൻ തുടങ്ങിയപ്പോൾ ആരും രാമുവിനെ ശ്രദ്ധിക്കാതെയായി.

2. 'ആട്ടിടയനും പുലിയും' എന്ന ഈ കഥയിലെ ഏതെങ്കിലും ഒരു രംഗം തെരഞ്ഞെടുത്ത് അനുയോജ്യമായ സംഭാഷണം തയ്യാറാക്കൂ.

3. 'ആട്ടിടയനും പുലിയും' എന്ന കഥ നാടകമാക്കി അവതരിപ്പിക്കുമ്പോൾ എന്തെല്ലാം അരങ്ങൊരുക്കങ്ങളാണ് നിങ്ങൾ നടത്തുക? എഴുതുക.........

- സ്റ്റേജ്
- വേഷവിധാനം
- കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന സാമഗ്രികൾ

## വിഭാഗം 2 – പ്രവൃത്തിപഠനം

1. നാമെല്ലാവരും പിറന്നാൾ ആഘോഷിക്കുന്നവരാണല്ലോ?അതുപോലെ അപ്പുവും ഉണ്ണിയും കൂടി തങ്ങളുടെ കൂട്ടുകാരനായ കിച്ചുവിന്റെ വീട്ടിൽ പിറന്നാൾ ആഘോഷത്തിനെത്തി.അവിടെ നിന്ന് അവർ രുചികരമായ സദ്യ കഴിച്ചു. കൂട്ടത്തിൽ പച്ചക്കറി സലാഡും ഉണ്ടായിരുന്നു. സലാഡു നിർമിച്ചത് വീട്ടുവളപ്പിൽ നട്ടു വളർത്തിയ തോട്ടത്തിലെ പച്ചക്കറികൾ ഉപയോഗിച്ചായിരുന്നു. നിങ്ങളുടെ വീട്ടിൽ സാധാരണയായി സലാഡു നിർമിക്കുമ്പോൾ ഉപയോഗിക്കുന്ന അഞ്ചു പച്ചക്കറികളുടെ പേരെഴുതുക?
2. രാമു വീട്ടുകാരോടൊപ്പം പട്ടണത്തിലേക്ക് ബസ്സിൽ യാത്രചെയ്യുകയായിരുന്നു. പുറം കാഴ്ചകൾ കണ്ടു രസിക്കുകയായിരുന്ന അവനു തൊട്ടടുത്ത പുഴയിലെ വെള്ളത്തിന്റെ അവസ്ഥ കണ്ട് വളരെ വിഷമം തോന്നി പുഴയിലെ വെള്ളത്തിൽ പ്ലാസ്റ്റിക്ക് ബോട്ടിലുകളും കവറുകളും മറ്റു മാലിന്യങ്ങളും നിറഞ്ഞ് ഒഴുക്കു തടസ്സപ്പെട്ടിരിക്കുന്നു. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പ്രഭാഷണം അവന്റെ ഓർമ്മയിൽ വന്നു. കുടിവെള്ളത്തിനായി വരും തലമുറ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളും കുടിവെള്ള സംരക്ഷണ രീതികളും പ്രഭാഷകൻ പറഞ്ഞത് രാമു ഓർത്തു.നിങ്ങളുടെ ചുറ്റുപാടും ഉള്ള കുടിവെള്ള സ്രോതസ്സുകൾ ഏതൊക്കെയെന്ന് എഴുതുക?
3. ഹരിത വിദ്യാലയം എന്ന ആശയത്തെ അടിസ്ഥാനമാക്കി പ്രവൃത്തി പഠന ക്ലാസിൽ നൽകിയ നിർദേശങ്ങൾക്കനുസരിച്ച് അഞ്ചാം ക്ലാസ്സിലെ വിദ്യാർത്ഥികൾ സ്കൂൾ പരിസരത്ത് മനോഹരമായ പച്ചക്കറിത്തോട്ടം നിർമിച്ചു.അതിൽ ഉണ്ടായ തക്കാളി, വെണ്ട, വഴുതന, കാബേജ്, കോളിഫ്ളവർ, മുളക് തുടങ്ങിയ പച്ചക്കറികൾ ഏവരുടെയും ശ്രദ്ധയാകർഷിച്ചു. ആ പച്ചക്കറികൾ ആണ് സ്കൂളിൽ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നത്. നിങ്ങളുടെ വീട്ടിലോ സ്കൂളി

ഒരു ആരോഗ്യകരമായ ചര്യക്രമത്തിന്റെ നിർമാണരീതി വിവരിക്കുക?

## വിഭാഗം 3 = ആരോഗ്യ കായിക വിദ്യാഭ്യാസം

1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.
(ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.)

1. ഹൃദയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിങ്ങൾ തിരഞ്ഞെടുക്കുന്ന പ്രവർത്തനം ഏത്?

   a. വീഡിയോ ഗെയിം, b ഭക്ഷണം, c. വായന, d. വ്യായാമം

2. വേഗത്തിൽ ദിശമാറാനുള്ള കഴിവിനെ എന്തുവിളിക്കാം?

   a. ചുറുചുറുക്ക്, b. ഏകോപനം, c. വേഗത, d. കരുത്ത്

3. കായിക പ്രവർത്തനങ്ങൾക്ക് ശരീരത്തെ തയ്യാറാക്കുന്ന വ്യായാമങ്ങൾക്കു പറയുന്ന പേര്?

   a. കൂളിങ്ങ്ഡൗൺ, b. സന്തുലനം, c. വാമിങ് അപ്പ്, d. ഏകോപനം

4. നൂറു മീറ്റർ ഓട്ടമത്സരത്തിൽ ഒന്നാമതെത്താൻ ഉണ്ടാകേണ്ട പ്രധാന ശേഷി ഏത്?

   a. കരുത്ത്, b. വേഗത, c ഉയരം, d. ചുറുചുറുക്ക്

ശരിയോ തെറ്റോ എന്നെഴുതുക

5. കളികളിലൂടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് സാധിക്കും. (ശരി/തെറ്റ്)
6. ക്രിക്കറ്റ് കളിക്കുമ്പോൾ വിക്കറ്റുകൾക്കിടയിൽ ഓടി റൺസ് നേടാൻ നമ്മെ സഹായിക്കുന്ന കഴിവാണ് ചുറുചുറുക്ക്. (ശരി/തെറ്റ്)
7. കളിക്കുമ്പോൾ പൾസ് റേറ്റിൽ മാറ്റം വരുന്നില്ല. (ശരി/തെറ്റ്)

8 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ കുറയാതെ ഉത്തരമെഴുതുക.

8. വൈകുന്നേരം വീട്ടിലേക്ക് പോകുന്നവഴി സ്കൂൾ മൈതാനത്ത് കുട്ടികൾ ഫുട്ബോൾ കളിക്കായി തയ്യാറെടുക്കുന്നത് രാമു കണ്ടു. കളി തുടങ്ങുന്നതിന് മുൻപേ എല്ലാവരും വിവിധതരം വ്യായാമങ്ങൾ (വാമിങ് അപ്പ്) ചെയ്യുന്നത് രാമുവിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്തിനായിരിക്കും അവർ ഇത്തരം വ്യായാമങ്ങൾ ചെയ്യുന്നത്? രാമുവിനു സംശയമായി. നിങ്ങൾക്കു രാമുവിനെ സഹായിക്കാമോ?
9. രാവിലെ നേരം വൈകിയതിനാൽ അപ്പു കുറേ ദൂരം ഓടിയാണ് സ്കൂളിലെത്തിയത് കൃത്യസമയത്ത് സ്കൂളിൽ എത്തിയെങ്കിലും അപ്പു ആകെ വിയർത്തിരുന്നു. ഓടുമ്പോഴും കളിക്കുമ്പോഴുമെല്ലാം നാമിങ്ങനെ വിയർക്കാറുണ്ടല്ലോ? എന്തായിരിക്കും ഇതിനു കാരണം?
10. ക്രിക്കറ്റു കളിക്കുമ്പോൾ സച്ചിൻ ടെൻഡുൽക്കർ വിക്കറ്റുകൾക്കിടയിൽ ഓടി റൺസ് നേടുന്നത് കണ്ടിരിക്കുമല്ലോ. ചുറുചുറുക്ക് എന്ന ശേഷിയാണ് അദ്ദേഹത്തിനെ അതിനു സഹായിക്കുന്നത്. ഇത്തരത്തിൽ ചുറുചുറുക്ക് അത്യാവശ്യമായിവരുന്ന മറ്റു നാലു കളിസന്ദർഭങ്ങൾ എഴുതാമോ?
11. ഹൃദയമിടിപ്പും പൾസ് റേറ്റും തമ്മിലുള്ള ബന്ധം എഴുതുക?

താഴെ കൊടുത്തിരിക്കുന്ന ബോക്സിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.

12. താഴെ തന്നിരിക്കുന്നവയിൽ നിന്നും കളിക്കുമ്പോൾ ശരീരത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ തിരഞ്ഞെടുത്തെഴുതുക.

- ചൂട് അനുഭവപ്പെടുന്നു.
- ഹൃദയമിടിപ്പ് കുറയുന്നു.
- കിതക്കുന്നു.
- ശരീരം തണുക്കുന്നു.
- ഉയരം കുറയുന്നു.
- വിയർക്കുന്നു.
- ക്ഷീണം അനുഭവപ്പെടുന്നു.